KERALA BANK
Kerala State Co-operative Bank

# THE KERALA STATE CO-OPERATIVE BANK LTD.

*(A Scheduled Bank)*

2025
International Year of Cooperatives

KSCB/HO/HR/6361 /2025-26 25.08.2025

**Registered with A/D**

**കാരണം കാണിക്കൽ നോട്ടീസ്**

വിഷയം : അച്ചടക്കനടപടി - സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിന് മുമ്പായിട്ടുള്ള കാരണം കാണിക്കൽ നോട്ടീസ്.

സൂചന :

1. 30.08.2018-ലെ P&E/PD/II/G/1812/2018-19 നമ്പർ സസ്പെൻഷൻ ഉത്തരവ്.
2. സസ്പെൻഷൻ ഉത്തരവ് താൽക്കാലികമായി പിൻവലിച്ചുകൊണ്ടുള്ള 28.01.2022-ലെ KSCB/HR/ALP/5162/ 2021-22 നമ്പർ ഉത്തരവ്.
3. ബാങ്ക് ഭരണസമിതിയുടെ 12.04.2022-ലെ 1027(1) നമ്പർ തീരുമാനം.
4. 08.09.2023-ലെ KSCB/HR/Dis-Pro/3667/2023-24 നമ്പർ സസ്പെൻഷൻ ഉത്തരവ്.
5. KSCB/HR/7613/2023-24 നമ്പരായി 02.03.2024-ൽ താങ്കൾക്ക് നൽകിയ കുറ്റാരോപണ മെമ്മോയും പത്രികയും.
6. 06.05.2024-ലെ അച്ചടക്ക ഉപസമിതിയുടെ 16-ാം നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഗാർഹിക അന്വേഷണ ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തിയ 11.06.2024-ലെ KSCB/HO/DE/2069/2024-25 നമ്പർ കത്ത്.
7. 16.10.2024- തീയതിയിലെ ഗാർഹിക അന്വേഷണ റിപ്പോർട്ട്
8. സസ്പെൻഷൻ കാലയളവ് 07.03.2025 വരെ ദീർഘിപ്പിക്കുന്നതിന് അനുമതി നൽകിയ സഹകരണ സംഘം രജിസ്ട്രാറുടെ 25.10.2024-ലെ RCS/10137/2024-EM(1) നമ്പർ ഉത്തരവ്.
9. ഗാർഹിക അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 15.11.2024-ൽ KSCB/HR/8829/2024-25 നമ്പരായി താങ്കൾക്ക് നൽകിയ കാരണം കാണിക്കൽ നോട്ടീസ്.
10. ബാങ്ക് അച്ചടക്ക ഉപസമിതിയുടെ 20.01.2025-ലെ 6-ാം നമ്പർ തീരുമാനം

ബാങ്കിന്റെ ആലപ്പുഴ റീജിയണിൽപ്പെട്ട വിയ്യപുരം ശാഖയിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന (നിലവിൽ സസ്പെൻഷനിൽ തുടരുന്ന) ശ്രീ. സുരേഷ്.ബി ( ID No.04749) എന്ന താങ്കൾക്കെതിരെ ടി ശാഖയിൽ ഗുരുതരമായ

അച്ചടക്ക ലംഘനം നടത്തിയതായിട്ടുള്ള ആരോപണത്തെ തുടർന്ന് വിശദമായ ചാർജ്ജ് മെമ്മോയും പത്രികയും നൽകിയിരുന്നു.

കുറ്റാരോപണ പത്രികയിൽ താങ്കൾക്കെതിരെ ഉന്നയിച്ചിട്ടുള്ള ആരോപണങ്ങൾ താഴെ പറയുന്നവയായിരുന്നു.

1) താങ്കൾ ബാങ്കിന്റെ വിഴ്യപുരം ശാഖയിൽ PTS തസ്തികയിൽ ജോലിചെയ്തുവരവേ അതേ ശാഖയിലെ തന്നെ ഓഫീസ് അസിസ്റ്റന്റായ ശ്രീമതി.ഇന്ദു.പി. നായർ എന്നയാളുടെ പേരിലുള്ള 40521001000213 നമ്പർ അക്കൗണ്ടിലേയ്ക്ക് അനുവദിച്ചിരുന്ന ചെക്ക് ബുക്കിൽ നിന്നും 33780-ാം നമ്പർ ചെക്ക് ലീഫ് അപഹരിക്കുകയും സ്വന്തം ചെക്ക് എന്ന വ്യാജേന തുക രേഖപ്പെടുത്തി സ്വന്തം ഒപ്പ് രേഖപ്പെടുത്തി കൈവശപ്പെടുത്തി ശ്രീ. വെങ്കിടേഷ് ആർ.ഷേണായി എന്ന വ്യക്തിയ്ക്ക് പണം തിരികെ നൽകുന്നതിനായി നൽകിയെന്നും, ടി വ്യക്തി പണം നൽകിയില്ലെങ്കിൽ ചെക്ക് കേസ് ഫയൽ ചെയ്യുമെന്നും, cash ഉടൻതന്നെ നൽകണമെന്നും ഫോണിൽ ആവശ്യപ്പെട്ടതായും പരാതി സമർപ്പിച്ചിരുന്നു.
2) 30.04.2023 മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരിക്കുകവഴി ബാങ്ക് സ്റ്റാഫ് റെഗുലേഷൻ വകുപ്പ് 7-ന്റെ ലംഘനവും ലീവ് റൂൾ 44(e) പ്രകാരമുള്ള അച്ചടക്കലംഘനം നടത്തിയിരിക്കുന്നു.
3) ഒരു ജീവനക്കാരൻ എന്ന നിലയിൽ താങ്കളുടെ പ്രവർത്തിമൂലം ബാങ്കിന് അപകീർത്തിയുണ്ടായ സാഹചര്യത്തിൽ സ്റ്റാഫ് റെഗുലേഷൻ വകുപ്പ് 9 ന്റെ ലംഘനവും നടത്തിയിരിക്കുന്നു.
4) സാമ്പത്തിക അച്ചടക്കം പാലിക്കാതിരിക്കുകവഴി സ്റ്റാഫ് റെഗുലേഷൻ വകുപ്പ് 12 പ്രകാരമുള്ള അച്ചടക്കലംഘനവും നടത്തിയിരിക്കുന്നു.

എന്നാൽ ടി മെമ്മോയ്ക്കും പത്രികയ്ക്കും വിശദീകരണം സമർപ്പിക്കുന്നതിനായി താങ്കൾക്ക് മതിയായ അവസരം നൽകിയിരുന്നെങ്കിലും ആയതിന് മറുപടി സമർപ്പിച്ചിട്ടില്ലാത്തതാണ്. താങ്കൾക്കെതിരെയുള്ള ആരോപണങ്ങൾ വളരെ ഗുരുതരമാണെന്ന് വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ തുടർനടപടിയുടെ ഭാഗമായി ഗാർഹിക അന്വേഷണം നടത്തുന്നതിലേയ്ക്കായി തീരുമാനിക്കുകയും സൂചന (7) പ്രകാരം അഡ്വക്കേറ്റ് മീന.സി.ആർ-നെ അന്വേഷണ ഉദ്യോഗസ്ഥയായി ചുമതലപ്പെടുത്തിയുള്ളതുമായിരുന്നു.

അന്വേഷണ ഉദ്യോഗസ്ഥ മുമ്പാകെ താങ്കളുടെ ഭാഗം വിശദീകരിക്കുന്നതിനും താങ്കൾക്കെതിരായ ആരോപണങ്ങൾ ഖണ്ഡിക്കുന്നതിനും സ്വാഭാവിക നീതിയ്ക്ക് അനുസൃതമായും നീതിയുക്തമായും താങ്കൾക്ക് ലഭ്യമാക്കിയിരുന്ന അവസരങ്ങൾ താങ്കൾ ഉപയോഗപ്പെടുത്തിയിട്ടില്ലാത്തതുമാകുന്നു. താങ്കൾക്ക് വിചാരണ തീയതികൾ അറിയിച്ച് നൽകിയ കത്തുകൾ താങ്കൾ കൈപ്പറ്റിയെങ്കിലും 11.07.2024, 25.07.2024 തീയതികളിലെ വിചാരണയിൽ താങ്കൾ ഹാജരായിട്ടില്ലാത്തതുമാണ്. തുടർന്ന് 25.07.2024-ലെ വിചാരണ നടപടികളിൽ താങ്കളെ Ex-parte ആക്കിയിട്ടുള്ളതും ബാങ്ക് സമർപ്പിച്ചിട്ടുള്ള രേഖകളുടെയും തെളിവുകളുടെയും മൊഴികളുടെയും അടിസ്ഥാനത്തിൽ കുറ്റാരോപണ മെമ്മോയിലെ

ആരോപണങ്ങൾ എല്ലാം തെളിയിക്കപ്പെട്ടിരിക്കുന്നതായി കണ്ടെത്തി അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് ബാങ്കിന് സമർപ്പിച്ചിട്ടുള്ളതുമാണ്. ടി അന്വേഷണ റിപ്പോർട്ട് അച്ചടക്ക ഉപസമിതി വിശദമായി പരിശോധിച്ച് അംഗീകരിക്കുകയും താങ്കൾക്ക് എതിരെ തുടർ നടപടികൾ സ്വീകരിക്കാതെയിരിക്കാൻ കാരണം ഉണ്ടെങ്കിൽ ആയത് ബോധിപ്പിക്കുന്നതിലേയ്ക്ക് ഗാർഹിക അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ഉൾപ്പെടുത്തി താങ്കൾക്ക് കാരണം കാണിക്കൽ നോട്ടീസ് സൂചന (9) പ്രകാരം നൽകിയിരുന്നു. ടി കാരണം കാണിക്കൽ നോട്ടീസിന് താങ്കൾ മറുപടി നൽകിയിട്ടില്ലാത്തതുമാണ്. താങ്കൾക്കെതിരായുള്ള ചാർജ്ജുകൾ എല്ലാംതന്നെ പൂർണ്ണമായും തെളിയിക്കപ്പെട്ട സാഹചര്യത്തിൽ, ഒരു സാമ്പത്തിക സ്ഥാപനമായ ബാങ്കിൽ താങ്കൾ നടത്തിയിട്ടുള്ള ഗുരുതരമായ അച്ചടക്കലംഘനങ്ങൾ കാരണം താങ്കളിലുള്ള വിശ്വാസം ബാങ്കിന് നഷ്ടപ്പെട്ടതിനാൽ ബാങ്കിന്റെ ജോലിയിൽ തുടരുവാൻ താങ്കൾക്ക് അർഹതയുമില്ലാത്തതാണെന്ന് കണ്ടെത്തിയിരിക്കുന്നു. ആയതിനാൽ ബാങ്ക് സ്റ്റാഫ് റെഗുലേഷൻ Clause 56A(g) പ്രകാരവും KCS Rule 198(1)(h) പ്രകാരവും താങ്കളെ ബാങ്കിന്റെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിന് (Dismissal from service) തീരുമാനിച്ചിരിക്കുന്നു.

മേൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ശ്രീ.സുരേഷ്.ബി (ID No.04749) എന്ന താങ്കൾക്കെതിരെ സ്വീകരിക്കുവാനുദ്ദേശിക്കുന്ന ശിക്ഷണ നടപടിയ്ക്കെതിരെ എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ നോട്ടീസ് കൈപ്പറ്റി 7 ദിവസത്തിനുള്ളിൽ രേഖാമൂലം ലഭ്യമാക്കേണ്ടതാണ്. കൂടാതെ നേരിൽ ഹാജരായി താങ്കളുടെ ഭാഗം വിശദീകരിക്കുന്നതിനുള്ള അവസരം അനുവദനീയമാണ്. ആയത് ആവശ്യമെങ്കിൽ താങ്കളുടെ മറുപടിയിൽ ആയത് കൂടി ഉൾപ്പെടുത്തണം. നിശ്ചിത സമയപരിധിയ്ക്കുള്ളിൽ മറുപടി സമർപ്പിക്കാത്ത പക്ഷം മേൽ പരാമർശിച്ച തീരുമാനത്തിൻമേൽ താങ്കൾക്ക് യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതായിരിക്കും.

പ്രസിഡന്റ്

Kerala State Co-operative Bank
KERALA BANK
Head Office
Thiruvananthapuram

ശ്രീ.സുരേഷ്.ബി
"മീന", പഴവീട്.പി.ഒ
ആലപ്പുഴ-688009